(ബി) പ്രസ്തുത കമ്പനിയുടെ തൊട്ടടുത്തുള്ള ഇരുമ്പ് ഉരുക്ക് വ്യവസായ സ്ഥാപനമായ പാരഗൺ സ്റ്റീൽ കമ്പനി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാരഗൺ സ്റ്റീൽ കമ്പനിയിൽ നിന്ന് ഉണ്ടാകുന്ന വായു മലിനീകരണത്തിന്റെ ഭാഗമായി പാറ്റ്സ്പിൻ കമ്പനിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന നൂലിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) മലിനീകരണ നിയന്ത്രണ ബോർഡ് പാരഗൺ സ്റ്റീൽ കമ്പനിക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്ത് വ്യവസ്ഥയിലാണ് നൽകിയത്; ആ വ്യവസ്ഥ ലംഘിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 489 പേർ.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തി അവരുടെ നിർദ്ദേശാനുസരണമുള്ള മലിനീകരണ നിയന്ത്രണ സംവിധാനം നടപ്പാക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഫാക്ടറിയിലെ ഇൻഡക്ഷൻ ഫർണസിൽ 45 മീറ്റർ ഉയരമുള്ള ചിമ്മിനിയും റീറോളിംഗ് മില്ലിൽ 33 മീറ്റർ ഉയരമുള്ള ചിമ്മിനിയുടെ മലിനീകരണ നിയന്ത്രണോപാധികളും ഏർപ്പെടുത്തുക, പാഴ് വായുവിലെ പൊടിയുടെ അളവ് ഒരു നോർമ്മൽ ഘനമീറ്റർ വായുവിൽ 150 മില്ലിഗ്രാമിനുള്ളിൽ ആയി പരിധി, ചിമ്മിനിയിൽക്കൂടി അന്തരീക്ഷ വായുവിലേക്ക് വമിക്കുന്ന പുകയിലെ പൊടിപടലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്നീ നിബന്ധനകൾ കമ്പനി പാലിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ ലംഘിക്കുന്നതായി പരാതി ലഭിച്ചിട്ടില്ല.

പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടികൾ

5 [468] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) സംസ്ഥാന സർക്കാരും മിൽ മാനേജ്മെന്റും തമ്മിൽ ഈ വിഷയത്തിൽ ഏതെങ്കിലും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ധാരണാപത്ര പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ട വ്യവസ്ഥകൾ സർക്കാരിന് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) മാനേജ്മെന്റ് നടപ്പിലാക്കേണ്ട എന്തെല്ലാം വ്യവസ്ഥകൾ അവർ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) മിൽ എന്നത്തേക്ക് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) ദീർഘകാലമായി അടഞ്ഞു കിടക്കുന്ന പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കുവാനായി 30-4-2003-ൽ സർക്കാർ മാനേജ്മെന്റുമായി ഒരു ധാരണാപത്രത്തിൽ ഒപ്പു വച്ചിരുന്നു. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവർക്കുള്ള കുടിശ്ശിക മാനേജ്മെന്റ് അടച്ച് തീർക്കേണ്ടതും മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അങ്ങനെ മിൽ തുറക്കുവാൻ നടപടി സ്വീകരിക്കുന്ന മുറയ്ക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതാണെന്നും ധാരണാപത്രത്തിൽ പറഞ്ഞിരുന്നു. എന്നാൽ, ധാരണാപത്രം ഒപ്പുവച്ച ശേഷം കാനറാ ബാങ്കിനുള്ള കുടിശ്ശിക അടച്ചു തീർത്തതൊഴിച്ച് മിൽ തുറക്കുവാൻ ആവശ്യമായ മറ്റ് നടപടികൾ ഒന്നും തന്നെ മാനേജ്മെന്റ് കൈക്കൊണ്ടിട്ടില്ല. ധാരണാപത്രത്തിന്റെ കോപ്പി വയ്ക്കുന്നു.†

മിൽ തുറക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ മാനേജ്മെന്റിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മാനേജ്മെന്റ് ഭാഗത്തുനിന്നും ക്രിയാത്മകമായി തുടർനടപടികൾ ഉണ്ടാകാത്തതിനെത്തുടർന്ന് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ആനുകൂല്യങ്ങളൊന്നും നൽകേണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു.

മിൽ എന്നത്തേക്ക് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് ഇപ്പോഴത്തെ അവസ്ഥയിൽ പറയാൻ നിർവ്വാഹമില്ല.

മാങ്ങോശ്വരത്ത് ഫുഡ് പാർക്ക്

6 [470] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാങ്ങോശ്വരത്ത് സ്വകാര്യ മേഖലയിൽ ഒരു ഫുഡ് പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly